ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ജലവിഭവവകുപ്പ് നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ പണി ആരംഭിച്ചിട്ടുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികളായ എ.ആർ.ഡബ്ല്യു.എസ്.എസ്. ഇടക്കോട്, അയിരൂർപ്പാറ, കഴക്കൂട്ടം, മേനംകുളം എന്നീ പദ്ധതികൾക്കുള്ള പൊതുവായുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പണി അയിലംകടവിൽ പൂർത്തിയായി. ഈ പദ്ധതികൾക്കായുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും ഭൂതല സംഭരണിയുടെയും ടെണ്ടർ വിളിച്ചുകഴിഞ്ഞു. കരാർ ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ശുദ്ധീകരണശാലയിൽ ജലം എത്തിക്കാനുള്ള പമ്പിംഗ് മെയിനിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ജല സംഭരണികളുടെ (ശ്രീ. നാരായണപുരം, ഉള്ളുമലക്കുന്ന്) പണി പൂർത്തീകരിച്ചു കഴിഞ്ഞു. കഠിനംകുളത്തുള്ള ഉപരിതല ടാങ്കിന്റെ പണി പുരോമഗിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 'കളിയിക്ക' എന്ന സ്ഥലത്ത് സംപും പമ്പുഹൗസും പണിയുന്നതിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പണി തുടങ്ങാൻ സാധിക്കുന്നില്ല.

(സി) ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ ഏകദേശം ഒന്നരലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും. ഈ പദ്ധതി 2005 ജൂണിൽ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തൃശ്ശൂർ കോർപ്പറേഷൻ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

97 (989) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം രൂക്ഷമായ തൃശ്ശൂർ കോർപ്പറേഷന്റെ മേഖലയായ കൂർക്കഞ്ചേരി, കണിമംഗലം, ചിയ്യാരം, കണ്ണംകുളങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പ്രദേശങ്ങൾ സെൻസസ് ടൗണായി കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവിടെയ്ക്കായി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കരുവന്നൂർ പുഴയിൽ നിന്നും വെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചാൽ ഈ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കഴിയുമോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ കോർപ്പറേഷന്റെ മേഖലയായ കൂർക്കഞ്ചേരി, കണിമംഗലം, ചിയ്യാരം, കണ്ണംകുളങ്ങര എന്നീ സ്ഥലങ്ങളിലേയ്ക്ക് തൃശ്ശൂർ ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നുമാണ് കുടിവെള്ളം വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. കൂർക്കഞ്ചേരി, കണിമംഗലം എന്നീ പ്രദേശങ്ങളെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സെൻസസ് ടൗണായി അംഗീകരിച്ച് ഈ പ്രദേശങ്ങളിൽ ആളൊന്നിന് 70 എൽ. പി. സി. ഡി. വെള്ളം വിതരണം ചെയ്യുന്നതിന് കരുവന്നൂർ പുഴ സ്രോതസ്സായി എ. യു. ഡബ്ല്യു. എസ്. പി. യിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കി വരുന്നു. എ. യു. ഡബ്ല്യു. എസ്. പി. പദ്ധതി പ്രാവർത്തികമാകുമ്പോൾ കൂർക്കഞ്ചേരി, കണിമംഗലം എന്നിവിടങ്ങളിലേയ്ക്ക് നൽകി വരുന്ന ജലം ചിയ്യാരം, കണ്ണംകുളങ്ങര എന്നീ സ്ഥലങ്ങളിലേയ്ക്ക് ലഭ്യമാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായിട്ടാണ് പദ്ധതി തയ്യാറാക്കുന്നത്.

(ബി) കൂർക്കഞ്ചേരി, കണിമംഗലം എന്നീ പ്രദേശങ്ങൾ സെൻസസ് ടൗണായി കണക്കാക്കിയിട്ടുണ്ട്. ചിയ്യാരം, കണ്ണംകുളങ്ങര എന്നീ പ്രദേശങ്ങൾ സെൻസസ് ടൗണായി കണക്കാക്കിയിട്ടില്ല. സെൻസസ് ടൗണിലേയ്ക്ക് പുതിയ പദ്ധതി തയ്യാറാക്കി വരുന്നു.

(സി) കരുവന്നൂർ പുഴയിൽ നിന്നും കൂർക്കഞ്ചേരി, കണിമംഗലം എന്നിവിടങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചാൽ, ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുമെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് പി. എസ്. സി. ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിന് നടപടി

98 (990) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്ററായി നിയമിക്കപ്പെടുന്നതിന് നിലവിലുള്ള ഒഴിവുകളുടെ എണ്ണം പി. എസ്. സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച ഫയൽ എത്രകാലമായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ തീർപ്പാകാതെ കിടക്കുന്നു ;

(ബി) ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള എത്ര തസ്തികകളിൽ ഒഴിവുള്ളതായി പി. എസ്. സി. യെ അറിയിക്കുവാനുള്ളതാണ് ഈ ഫയൽ എന്ന് പറയുമോ ;